"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മുളക്കുഴ ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡിലെ പൂതംകുന്ന് നഗറിൽ ജനറൽ വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1648/2025/LSGD തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-
1. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2024 തീയതിയിലെ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025 ലെ യോഗതീരുമാനം ഖണ്ഡിക നം. 4.19

**ഉത്തരവ്**

മുളക്കുഴ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ പൂതംകുന്ന് നഗറിൽ വാസയോഗ്യമല്ലാത്തതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയാത്തതുമായ വീടുള്ള ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ജനറൽ വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാൻ അനുമതി നല്കുന്നതിനായി പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതലകോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025 ലെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. മുളക്കുഴ ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡിലെ പൂതകുന്ന് നഗറിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമായി, അറ്റകുറ്റപ്പണി നടത്തി വീട് വാസയോഗ്യമാക്കാൻ കഴിയാത്ത ജനറൽ വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങൾക്ക്, ലൈഫ് ലിസ്റ്റിൽ അർഹതയുള്ള മുഴുവൻ കുടുംബങ്ങൾക്കും ഇതിനകം വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി.എ)വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 03-07-2025 11:01:27
സെക്ഷൻ ഓഫീസർ